**കനോലി കനാലിലൂടെയുള്ള ജലഗതാഗതം**

67 (3094) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ചാവക്കാട്-പൊന്നാനി, ചാവക്കാട്-കൊച്ചി കനോലി കനാലിലൂടെയുള്ള ജലഗതാഗത സംവിധാനത്തെ സംബന്ധിച്ചുള്ള പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

ചാവക്കാട്-പൊന്നാനി, ചാവക്കാട്-കൊച്ചി കനോലി കനാൽ നിലവിൽ ദേശീയ ജലപാത അതോറിറ്റിയുടെ മേൽനോട്ടത്തിലാണുള്ളത്. ഈ ദേശീയ ജലപാതയിൽ പൊന്നാനി ഭാഗത്തെ വെളിയംകോട് ലോക്ക്-കം-ബ്രിഡ്ജ് നബാർഡിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ളതും സാങ്കേതികാനുമതി നല്കി ദർഘാസ് നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നതുമാണ്. കൂടാതെ, പൊന്നാനി മുതൽ ഭാരതപ്പുഴ വരെ ജലഗതാഗതയോഗ്യമാക്കുവാനാവശ്യമായ ആഴംകൂട്ടൽ പ്രവൃത്തികളും പ്രസ്തുത ഭാഗത്തെ പാലങ്ങൾ ദേശീയ ജലപാത നിലവാരത്തിൽ വെർട്ടിക്കൽ/ഹൊറിസോണ്ടൽ ക്ലിയറൻസുകൾ ലഭിക്കുന്ന തരത്തിൽ പുനർനിർമ്മിക്കുന്നതിന് ആവശ്യമായ നടപടികളും സ്വീകരിച്ചു വരികയാണ്. മലപ്പുറം ജില്ലയിൽ കൂട്ടായി റെഗുലേറ്ററിൽ വലിയ യാനങ്ങൾക്ക് കടന്നുപോകത്തക്ക രീതിയിൽ നാവിഗേഷൻ ലോക്ക് നിർമ്മിക്കുവാൻവേണ്ടി പ്രസ്തുത ലോക്കിന്റെ രൂപകൽപ്പന തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

**കായംകുളം മണ്ഡലത്തിൽ പ്രവർത്തിക്കുന്ന അക്ഷയ കേന്ദ്രങ്ങൾ**

68 (3095) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ നിലവിൽ എത്ര അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കാമോ; പഞ്ചായത്ത്, നഗരസഭ തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

കായംകുളം മണ്ഡലത്തിൽ നിലവിൽ 25 അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. ഭരണിക്കാവ്, ചെട്ടികുളങ്ങര, ദേവികുളങ്ങര, കണ്ടല്ലൂർ, കൃഷ്ണപുരം, പത്തിയൂർ ഗ്രാമപഞ്ചായത്തുകളിൽ 3 വീതം അക്ഷയകേന്ദ്രങ്ങളും കായംകുളം നഗരസഭയിൽ 7 അക്ഷയ കേന്ദ്രങ്ങളുമാണ് പ്രവർത്തിക്കുന്നത്.

(ബി) പുതുതായി അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly